പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 72        11.06.2012-ൽ മറുപടിക്ക്

## സേവന അവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) സേവന അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; | (എ) സേവനാവകാശ നിയമം കരട് ബിൽ മന്ത്രിസഭായോഗം അംഗീകരിക്കുകയും, ബിൽ നിയമമാക്കുന്നതിലേയ്ക്ക് നിയമസഭ മുമ്പാകെ വയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത നിയമത്തിലൂടെ എന്തൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) സേവന അവകാശ നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സർവ്വീസ് സംഘടനകൾ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത സംഘടനയുടെ പേരും , അതിന്മേലുള്ള നടപടികളും വ്യക്തമാക്കുമോ ? | (സി) സേവന അവകാശ നിയമം നടപ്പിൽ വരുത്തുന്നതിനായുള്ള ബിൽ നിയമ സഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന സർക്കാർ സേവനങ്ങൾ

i) ജനന സർട്ടിഫിക്കറ്റ്
ii) ജാതി സർട്ടിഫിക്കറ്റ്
iii) വരുമാന സർട്ടിഫിക്കറ്റ്
iv) വാസസ്ഥല സർട്ടിഫിക്കറ്റ്
v) മരണ സർട്ടിഫിക്കറ്റ്
vi) വീടുകൾക്കും കടകൾക്കുമുള്ള വൈദ്യുതി കണക്ഷൻ
vii) വീടുകൾക്കുള്ള ജലവിതരണ കണക്ഷൻ.
(viii) റേഷൻകാർഡ് നൽകൽ.
(ix) Receipt of petitions filed in Police Stations.
(x) പോലീസ് പ്രഥമ വിവര റിപ്പോർട്ടിന്റെ (എഫ്.ഐ.ആർ) കോപ്പി നൽകൽ.
(xi) Guaranteed Police Response in specified serious crimes.
(xii) സമയബന്ധിതമായ പാസ്സ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ട്.
(xiii) സമയബന്ധിതമായ ജോലി വെരിഫിക്കേഷൻ റിപ്പോർട്ട്.

മേല്പറഞ്ഞ സേവനങ്ങൾക്കുപുറമെ സ്റ്റേറ്റ് പോലീസ് വകുപ്പിലെ താഴെ പറയുന്ന സേവനങ്ങൾകൂടി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു.

( i) കുറ്റകൃത്യം നടക്കുന്ന സ്ഥലത്ത് എത്തിച്ചേരൽ.
( ii) പരാതികളിൽ സമയബന്ധിതമായി നടപടി ആരംഭിക്കൽ.
(iii) ഉച്ചഭാഷിണി, ജാഥകൾ മുതലായവയ്ക്കുള്ള അനുമതി.
(iv) ആയുധങ്ങൾ, സ്ഫോടകവസ്തു മുതലായവയ്ക്കുള്ള ലൈസൻസിനുള്ള അപേക്ഷ.
(v) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകൽ.
(vi) Missing Property Acknowledgement
(vii) പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് നൽകൽ.
(viii) കസ്റ്റഡിയിലുള്ള വാഹനങ്ങൾ മോചിപ്പിക്കൽ.
(ix) പട്ടികജാതി/പട്ടികവർഗ്ഗ നഷ്ടപരിഹാര ശുപാർശ നൽകൽ.

സെക്ഷൻ ഓഫീസർ.